# നീരയുടെ നാൾവഴികൾ

- കൊച്ചി അബ്കാരി നിയമം (1077 -ലെ ആക്ട് 1) എ.ഡി 1902 -ൽ നടപ്പിലാക്കിയപ്പോൾ മദ്യാംശം തീരെയില്ലാത്ത നീരയെ അബ്കാരി നിയമത്തിന്റെ കീഴിൽ ഉൾപ്പെടുത്തി.
- 1957 -ൽ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് റവന്യൂ മന്ത്രിയും എക്സൈസ് വകുപ്പിന്റെ ചുമതലയുമുണ്ടായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മ അസംബ്ലിയിൽ നീരയെ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകത നിയമസഭയെ ബോധ്യപ്പെടുത്തി.
- 1999 കാലയളവുകളിൽ നാളികേര വിലയിടിവിന് പ്രതിവിധിയായി ഫാ. മാത്യു വടക്കേമുറി (കണ്ണൂർ ഇൻഫാമിന്റെ ദേശീയ ചെയർമാൻ), ഫാ. ജോസ് മാണിപ്പാറ, (കണ്ണൂർ കർഷക രക്ഷാസമിതി പ്രസിഡന്റ്) എന്നിവർ നീരയുത്പാദനത്തിനു വേണ്ടി ശക്തമായി വാദിക്കുകയുണ്ടായി.
- കൃഷി ശാസ്ത്രജ്ഞനായ ഡോ. എം. എസ്. സ്വാമിനാഥൻ ഡബ്ല്യൂ ടി ഒ കമ്മീഷൻ റിപ്പോർട്ടിൽ നീര ഉത്പാദിപ്പിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.
- 2002 ശർമ്മ കമ്മീഷൻ നീര ചെത്തുവാൻ കർഷകനെ അനുവദിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പറഞ്ഞു.
- കാർഷിക സർവ്വകലാശാല കേരസുധ എന്ന പേരിൽ നീര വിപണിയിൽ എത്തിക്കുവാനുള്ള ശ്രമങ്ങൾ നടത്തി.
- 2005 ൽ കേരസുധയുടെ സാധ്യതകളെക്കുറിച്ചു പഠിക്കുന്നതിന് വിദഗ്ധ സമിതിയെ കേരളസർക്കാർ നിയോഗിച്ചു.
- 2005 – 2006 -ൽ ബോർഡ് ചെയർമാനായ ശ്രീമതി. മിനി മാത്യു ഐ.എ.എസ് അബ്കാരി ആക്ടിൽ ഭേദഗതി വരുത്തി നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കേണ്ട ആവശ്യകത കേരള സർക്കാരിനെ ബോധിപ്പിക്കുകയും തുടർ ചർച്ചകൾ നടത്തുകയും ചെയ്തു.
- 2005 ജൂലൈ 28 നു എ.പി.ജെ. അബ്ദുൾ കലാം കേരളനിയമസഭയിൽ അവതരിപ്പിച്ച വികസന രേഖയിൽ തെങ്ങിൽ നിന്നു മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഊന്നി പറഞ്ഞിരുന്നു.
- 2006 ഫെബ്രുവരി 25ന് അന്നത്തെ മുഖ്യമന്ത്രി 3 യൂണിറ്റ് തുടങ്ങുന്നതായി പ്രഖ്യാപിച്ചു. പേരാമ്പ്രയിലെ സുഭിക്ഷ, ഇൻഫാം ചെറുപുഴ യൂണിറ്റ്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി എന്നിവർക്ക് യൂണിറ്റുകൾ നൽകാൻ തീരുമാനമെടുത്തു.
- കാർഷിക സർവ്വകാലാശാല ഗവേഷകനായ ഡോ. ഗിരിധരൻ നീരയെയും നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളെയും കുറിച്ച് 2000 ഏപ്രിലിൽ തുടങ്ങിയ ഗവേഷണം 2004 ൽ പൂർത്തിയാക്കി.
- ഡോ. ഗിരിധരൻ ഗവേഷണഫലം കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്ക് നൽകിയെങ്കിലും ഫലം കണ്ടെത്തിയില്ല.
- 2007 മാർച്ചിൽ മാനന്തവാടിയിൽ സ്വന്തം പുരയിടത്തിൽ തെങ്ങു ചെത്തി നീരയെടുത്തതിന്റെ പേരിൽ ഫാർമേഴ്സ് റിലീഫ് ഫോറം പ്രസിഡന്റായ കേരകർഷകന് 16 ദിവസം ജയിൽ വാസം അനുഷ്ഠിക്കേണ്ടി വന്നു. ഇതിൽ പ്രതിഷേധിച്ച് നാളികേര കർഷക സമിതി വയനാട്, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ കളക്ടറേറ്റ് മാർച്ചും സെക്രട്ടറിയേറ്റ് പിക്കറ്റിംഗും നടത്തി.
- 2011 – 12 കാലയളവിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്, ബോർഡിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള നാളികേരോത്പാദക ഫെഡറേഷനുകൾ വഴി നാളികേര വിലയിടിവിനു പരിഹാരമായി നീരയും നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളും ഉത്പാദിപ്പിക്കേണ്ട ആവശ്യകത കേരളസർക്കാരിനെ ബോധിപ്പിക്കുകയും നിരന്തരമായി ചർച്ചകൾ നടത്തുകയും ചെയ്തു.
- 2012 – 13 കാലയളവിൽ പത്രദൃശ്യമാധ്യമങ്ങൾ നീര വിപണിയിലെത്തിക്കേണ്ട ആവശ്യകത ഗൗരവതരമായി കാണുകയും ഏകദേശം 500-ൽപരം വാർത്താമാധ്യമങ്ങളിലൂടെ പൊതുജനങ്ങളിൽ നീരയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്തു.
- നീരയുടെ ഉത്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുവാൻ സംസ്ഥാന എക്സൈസ് കമ്മീഷണർ ശ്രീ. അനിൽ സേവ്യർ ഐ.എ.എസ് ചെയർമാനായി 15-11-2013 -ൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു.
- 2013 സെപ്തംബർ 23-ന് നീര ഉത്പാദനം സംബന്ധിച്ച അനുകൂല നയതീരുമാനമെടുത്ത് ഉത്തരവ് ഇറങ്ങി.
- 2014 ഫെബ്രുവരി 3-ന് നീര ഉത്പാദനത്തിനും വിപണനത്തിനും അന്തിമ അനുമതി ലഭിച്ചു.
- 2014 ഫെബ്രുവരി 14-ന് ഫെബ്രുവരി 3-ന്റെ ഉത്തരവ് നടപ്പാക്കുന്നതിനാവശ്യമായ അബ്കാരി ചട്ടങ്ങളുടെ ഭേദഗതി വിജ്ഞാപനമായി.
- 2014 മാർച്ച് 2-ന് നീരയും നീരയുൽപന്നങ്ങളും ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പുറത്തിറക്കി.
- 2014 മാർച്ച് 2-ന് ബഹു. കേരള മുഖ്യമന്ത്രി നീരയും നീരയുൽപന്നങ്ങളും വിപണിയിലിറക്കുകയും നീരയുത്പാദനത്തിനായി 16 ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകുകയും ചെയ്തു.
- 2014 മാർച്ച് 2-ന് സംസ്ഥാനതല നീര ലോഞ്ചിംഗ് ചടങ്ങിൽ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയുടെ മുൻപാകെ അന്ന് നിലവിലുണ്ടായിരുന്ന 173 ഫെഡറേഷനുകളും നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 5 -ലെ മന്ത്രിസഭായോഗത്തിൽ നിന്ന് നിലവിലുണ്ടായിരുന്ന 173 ഫെഡറേഷനുകൾക്കും 1500 തെങ്ങുകൾ വീതമുള്ള ഓരോ യൂണിറ്റിന് ലൈസൻസ് നൽകുവാൻ തീരുമാനിക്കുകയുണ്ടായി.
- 2015 ജനുവരി 07 -ന് നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക ഫെഡറേഷനുകൾക്ക് നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസ് ഉത്തരവായി.(ജി.ഒ (എം.എസ്)നം.05/2015/നികുതി വകുപ്പ്)